റോഡ് സഞ്ചാരയോഗ്യമാക്കാൻ നടപടി

244 [296] ശ്രീ. പി. വി ശങ്കരനാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽപ്പെട്ട വെള്ളയമ്പലം-ഗോവിന്ദമംഗലം ലെയിൻ ഇപ്പോഴും സഞ്ചാരയോഗ്യമല്ലാത്ത അവസ്ഥയിലാണെന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഈ ലെയിൻ സഞ്ചാരയോഗ്യമാക്കിത്തീർക്കാൻ സത്വരനടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) വെള്ളയമ്പലം-ഗോവിന്ദമംഗലം റോഡ് അടുത്ത കാലത്ത് തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും നന്നാക്കി ടാർ ചെയ്ത് ഗതാഗതത്തിന് അനുയോജ്യമാക്കിയിട്ടുണ്ട്.

യാത്രക്കാർക്ക് ഉപദ്രവം ഉണ്ടാക്കുന്ന പൈപ്പുകൾ അടയ്ക്കാൻ നടപടി

245 [297] ശ്രീ. പി. വി. ശങ്കരനാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽപെട്ട വെള്ളയമ്പലം-ഗോവിന്ദമംഗലം ലെയിനിലെ (ഗോവിന്ദമംഗലം വീടിന്റെ വടക്കുവശത്തുള്ള) പൈപ്പ്, മനുഷ്യർ കുളിക്കാനും കന്നുകാലികളെ കുളിപ്പിക്കാനുമായിട്ടാണ് പ്രധാനമായും ഉപയോഗിച്ചുവരുന്നതെന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പൈപ്പിലെ വെള്ളം ഇങ്ങനെ ദുരുപയോഗപ്പെടുത്തുന്നതു കാണ്ട് ആ വഴിയെ പോകുന്ന യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നുണ്ട്. എന്നുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പൊതുജനങ്ങൾക്ക് വളരെയധികം ഉപദ്രവം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഈ പൈപ്പു ക്ലോസ് ചെയ്തു അതിന്റെ തൊട്ടുമുമ്പിൽ ഇപ്പോൾ ക്ലോസ് ചെയ്തിരിക്കുന്ന പൈപ്പ് തുറക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ടാപ്പുകൾ ദുരുപയോഗപ്പെടുത്തുന്നത് കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ കുറ്റക്കാരുടെ മേൽ നടപടി എടുക്കാറുണ്ട്. ഇപ്പോൾ അന്വേഷിച്ചതിൽ ഈ ടാപ്പ് ദുരുപയോഗപ്പെടുത്തുന്നതായി കാണുന്നില്ല. ദുരുപയോഗം ചെയ്യുന്നപക്ഷം നടപടി എടുക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ ടാപ്പ് മാറേണ്ട ആവശ്യം കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly